**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 283 16/12/2015-ൽ മറുപടിയ്ക്ക്

## പച്ചക്കറി വില വർദ്ധനവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ഡോ. ടി.എം.തോമസ് ഐസക്**<br>**ശ്രീ.രാജു എബ്രഹാം**<br>**,, ബാബു എം. പാലിശ്ശേരി**<br>**,, പി.ശ്രീരാമകൃഷ്ണൻ** | | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) പച്ചക്കറി വില വർദ്ധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; പച്ചക്കറി വില അനിയന്ത്രിതമായി വർദ്ധിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | എ) | ഉണ്ട്.<br>സംസ്ഥാനത്ത് ഓണം, റംസാൻ, ശബരിമല സീസണുകളിൽ പച്ചക്കറി വില വർദ്ധിക്കാറുണ്ട്. കൂടാതെ കാലാവസ്ഥ വ്യതിയാനങ്ങളും തുടർച്ചയായി ഉണ്ടാകുന്ന മഴയും മൂലം പച്ചക്കറി ഉല്പാദനം കുറയുന്നതും വില വർദ്ധനയ്ക്ക് കാരണമാകുന്നുണ്ട്.<br>അയൽ സംസ്ഥാനങ്ങളിലുണ്ടായ വിളനാശവും ഇതിനൊരു കാരണമാണ്. . |
| ബി) വില വർദ്ധന തടയാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | ബി) | വില വർദ്ധനവ് തടയുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>പച്ചക്കറികളുടെ വില വർദ്ധനവ് തടയുന്നതിനായി ഹോർട്ടികോർപ്പ് സർക്കാർ നിർദ്ദേശ പ്രകാരം വിപണിയിടപെടൽ നടത്തുകയും, വില കൂടിയ പച്ചക്കറി ഇനങ്ങളായ അമര, വെണ്ട, പാവയ്ക്ക, പയർ, വലിയ മുളക്, പടവലം, കാരറ്റ്, ബീൻസ്, വെള്ളരി, തക്കാളി, സവാള, ഉള്ളി, ഉരുളകിഴങ്ങ് എന്നിവ വിപണി വിലയെക്കാൾ 30 ശതമാനം വിലക്കുറവിലും |

ബാക്കിയെല്ലാ ഇനം പച്ചക്കറികളും 10 മുതൽ 15 ശതമാനം വരെ വിലക്കുറവിലും നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) 2012-13 വർഷം മുതൽ കൃഷി വകുപ്പ് കാര്യക്ഷമമായ രീതിയിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു വഴി 2012-13-ൽ 54,820 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 9.1 ലക്ഷം ടൺ പച്ചക്കറിയും 2013-14-ൽ 75,320 ഹെക്ടർ സ്ഥലത്തു നിന്നും 11.90 ലക്ഷം ടൺ പച്ചക്കറിയും 2014-15-ൽ 90,533 ഹെക്ടർ സ്ഥലത്തു നിന്നും 15.32 ലക്ഷം ടൺ പച്ചക്കറിയും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 വർഷം 100,953 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 18 ലക്ഷത്തിൽപരം ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 15000 രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടറിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. പച്ചക്കറി ഉൽപ്പാദനം വർദ്ധിക്കുവാൻ ഈ പദ്ധതി സഹായിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ള സീഡ് വെൻഡിംഗ് മെഷിനുകളിൽ നിന്നും 10 രൂപ നിരക്കിൽ നല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**